# <u>കോളേജ് വിദ്യാഭ്യാസ വകുപ്പ്</u>
# <u>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം- സീനിയർ ക്ലാർക്കുമാരുടെ 01.01.2006 മുതൽ 30.11.2007 വരെയുള്ള കാലയളവിലെ മുൻഗണനാ പട്ടിക ഭേദഗതി വരുത്തി ഉത്തരവാകുന്നു

---

**ഉത്തരവ് നം.സി 2 /1773/2014/കോവി.വ** **തീയതി : 21.07.2014**

---

*പരാമർശം:- 1) 21.11.2013 തീയതിയിലെ സി2/18227/2013/കോ.വി.വ നമ്പർ ഉത്തരവ്*
*2) ശ്രീ. പ്രദീപ്.എം, സീനിയർ ക്ലാർക്ക് സമർപ്പിച്ച 18.12.013ലെ അപേക്ഷ*
*3) 03.06.2014ലെ ഇതേ നമ്പർ നോട്ടീസ്*
*4) സീനിയർ ക്ലാർക്ക്, ശ്രീ. എം. നസിമുദീന്റെ 19.06.2014ലെ ആക്ഷേപം*
*5) സീനിയർ ക്ലാർക്ക്, ശ്രീമതി. വി സ്മിതാ മേനോന്റെ 18.06.2014ലെ ആക്ഷേപം*
*6) സീനിയർ ക്ലാർക്ക്, ശ്രീമതി. എം. മേരി നിർമ്മലയുടെ 18.06.2014ലെ ആക്ഷേപം*
*7) സീനിയർ ക്ലാർക്ക്, ശ്രീമതി. പി സുധർശനയുടെ 13.06.2014ലെ ആക്ഷേപം*
*8) ശ്രീമതി. സ്മിതാ മേനോൻ.വി, ശ്രീ. നസിമുദീൻ.എം, ശ്രീമതി. മേരി നിർമ്മല.എം, ശ്രീമതി. സുധർശന. പി എന്നീ സീനിയർ ക്ലാർക്കുമാർക്ക് നൽകിയ ഈ ഓഫീസിൽ നിന്നുള്ള 02.07.2014ലെ ഇതേ നമ്പർ കത്തുകൾ*
*9) ശ്രീ. ബിജി.എം.സി, സീനിയർ ക്ലാർക്ക് സമർപ്പിച്ച 10.06.2014ലെ അപേക്ഷ*
*10) ശ്രീ. ഗിരീഷ്.വി.വി, സീനിയർ ക്ലാർക്ക് സമർപ്പിച്ച 10.06.2014ലെ അപേക്ഷ*

## <u>ഉത്തരവ്</u>

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ക്ലാർക്കുമാരുടെ 01.01.2006 മുതൽ 30.11.2007 വരെയുള്ള കാലയളവിലെ മുൻഗണനാ പട്ടിക പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ഈ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി പട്ടാമ്പി ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജിലെ സീനിയർ ക്ലാർക്കായ ശ്രീ. എം. പ്രദീപ് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഈ വകുപ്പിൽ പത്ത് വർഷം പൂർത്തിയായ യുഡി ടൈപ്പിസ്റ്റായിരുന്ന ശ്രീ.എം.പ്രദീപിന് 06.03.2007 പ്രാബല്യത്തിൽ യൂ.ഡി ക്ലാർക്ക് തസ്തികമാറ്റതീയതി പുന:ക്രമീകരിച്ച് പരാമർശം (1) പ്രകാരമുള്ള പട്ടികയിൽ ക്രമ നം. 35നും 36നും ഇടയിലായി സ്ഥാനം നൽകണമെന്നപേക്ഷിച്ചിരുന്നു. പ്രസ്തുത അപേക്ഷ വിശദമായി പരിശോധിച്ചതിൽ അദ്ദേഹം യുഡി ടൈപ്പിസ്റ്റായിരിക്കുമ്പോൾ പത്ത് വർഷ സേവനം പൂർത്തിയാക്കിയതിനെത്തുടർന്ന് തസ്തിക മാറ്റത്തിന് അപേക്ഷിച്ചിരുന്നുവെന്ന് കണ്ടെത്തുകയുണ്ടായി. അദ്ദേഹത്തിന്റെ അപേക്ഷ പരിഗണിച്ചിരുന്നുവെങ്കിൽ 01.06.2007നു ശേഷം ഉണ്ടായ ആറാമത്തെ യു.ഡി.ക്ലാർക്ക് ഒഴിവിൽ ശ്രീ.എം. പ്രദീപിന് യു.ഡി.ക്ലാർക്കായി തസ്തിക മാറ്റം അനുവദിക്കണമായിരുന്നു. ആയതിനാൽ ശ്രീ.എം. പ്രദീപിന് 01.06.2007നു ശേഷം ഉണ്ടായ ആറാമത്തെ യു.ഡി ക്ലാർക്ക് തസ്തികയിൽ തസ്തിക മാറ്റം അനുവദിക്കാവുന്നതും യു.ഡി ക്ലാർക്കുമാരുടെ (01.01.2006 മുതൽ 30.11.2007 വരെയുള്ള) അന്തിമ മുൻഗണനാ പട്ടികയിൽ ക്രമനമ്പർ 41. ശ്രീമതി. വി. സ്മിതാ മേനോന് മുകളിലായി ക്രമ നമ്പർ 40(എ) ആയി സ്ഥാനം താല്ക്കാലികമായി നിർണ്ണയിച്ച് ക്രമനമ്പർ 41 മുതൽ 51 വരെ ഉള്ളവർക്ക് നോട്ടീസ് നൽകാൻ തീരുമാനിക്കുകയും അപ്രകാരം നോട്ടീസ് നൽകുകയും ചെയ്തു.

പരാമർശം (3) പ്രകാരം നൽകിയ നോട്ടീസിന് പരാമർശം (4) മുതൽ (7) വരെ സൂചിപ്പിച്ചതിൻ പ്രകാരം ആക്ഷേപങ്ങൾ ലഭിച്ചു. പരാതികളും അവയിൻമേലുള്ള ആക്ഷേപങ്ങളും വിശദമായി ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും ആക്ഷേപങ്ങൾ സമർപ്പിച്ചവർക്ക് ഇതു സംബന്ധിച്ച വിശദീകരണം നൽകുകയും ചെയ്തിരുന്നു. കൂടാതെ പരാമർശം (8) പ്രകാരം കത്ത് നൽകി കൂടുതൽ വിശദീകരണം ആവശ്യമെങ്കിൽ നേരിൽ കേൾക്കുന്നതിനായി 15.07.2014ന് ഹാജരാകാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ആക്ഷേപം ഉന്നയിച്ചവർ ആരും തന്നെ പ്രസ്തുത തീയതിയിൽ നേരിൽ ഹാജരായില്ല.

മേൽപറഞ്ഞ സാഹചര്യത്തിൽ ശ്രീ. എം. പ്രദീപിന്റെ അപേക്ഷ പരിഗണിച്ച് 07.07.2007 പ്രാബല്യത്തീയതിയിൽ ക്രമനമ്പർ 40 ആയ ശ്രീ. എ.അബ്ദുൾ ജലീലിന് താഴെയായും 41 ആയ ശ്രീമതി. സ്മിതാ മേനോൻ.വി-യ്ക്കു മുകളിലായും ഉള്ള സ്ഥാനത്തിന് അർഹനായതിനാൽ പ്രസ്തുത മുൻഗണനാ പട്ടികയിൽ 40 (എ) എന്ന സ്ഥാനം നൽകി ഉത്തരവാകുന്നു.

പരാമർശം (1) പ്രകാരമുള്ള മുൻഗണനാ പട്ടികയിലെ ക്രമ നമ്പർ 36-ാം സ്ഥാനത്തുള്ള സീനിയർ ക്ലാർക്ക് ശ്രീ. എം. സി. ബിജി യുടെ പേര് എൻ. സി. ബിജി എന്നും ജനനത്തീയതി 12.10.1972 എന്നും തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും പേര് ബിജി.എം.സി എന്നും ജനനത്തീയതി 10.12.1972 എന്നും തിരുത്തണമെന്ന് പരാമർശം (9) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

പരാമർശം (1) പ്രകാരമുള്ള മുൻഗണനാ പട്ടികയിലെ ക്രമ നമ്പർ 44-ാം സ്ഥാനത്തുള്ള സീനിയർ ക്ലാർക്ക് ശ്രീ. വി.വി.ഗിരീഷിന്റെ ജനനത്തീയതി 02.05.1980 എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും 05.02.1980 എന്ന് തിരുത്തണമെന്നും അക്കൗണ്ട് ടെസ്റ്റ് (ഹയർ) യോഗ്യത കൂടി ഉൾപ്പെടുത്തണമെന്നും പരാമർശം (10) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

മേൽപറഞ്ഞ അപേക്ഷകൾ പരിഗണിച്ച് പരാമർശം (1)ലെ മുൻഗണനാ പട്ടികയിൽ താഴെ പട്ടികയിൽ കൊടുത്തിട്ടുള്ള ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

| Sl. No. | Name | General Qualification | Departmental Test | Date of Birth | Date of Promotion as UD Clerk | Remarks |
|---|---|---|---|---|---|---|
| 36 | Bijy.M.C | SSLC | MOP, A/T (L) | 10.12.1972 | 09.06.2007 | |
| 40 (a) | Pradeep. M | PDC | MOP, A/T (L&H) | 20.05.1970 | 07.07.2007 | |
| 44 | Gireesh.V.V | B.Com | MOP, A/T (L&H) | 05.02.1980 | 26.08.2007 | |

ഈ ഭേദഗതി ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.collegiateedu.kerala.gov.in)ലഭ്യമാണ്.

(ഒപ്പ്/-)
പി.ജയരാജ്
സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്;-

1) എല്ലാ സ്ഥാപന മേധാവികൾക്കും
2) സി. എ- ഡയറക്ടർ/ സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ
3) കരുതൽ ഫയൽ
4) നടപ്പ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്